പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 542** **13-10-2026-ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** പുനലൂർ മണ്ഡലത്തിലുൾപ്പെട്ട അച്ചൻകോവിൽ പ്രദേശത്തെ വൈദ്യുതി തടസത്തിന ശാശ്വത പരിഹാരം കാണാൻ ചെമ്പനരുവി മുതൽ അച്ചൻകോവിൽ വരെ വനമേഖലയിലൂടെ 17 കി.മീ ദൂരം 11 കെ.വി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനോ തമിഴ്നാട്ടിൽ നിന്നുള്ള ഇന്റർ സ്റ്റേറ്റ് 11 കെ.വി. ലൈൻ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനോ കെ.എസ്.ഇ.ബി. പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കാമോ;

**മറുപടി:** ചെമ്പനരുവി മുതൽ അച്ചൻകോവിൽ വരെയുള്ള 17 കി.മി വനമേഖലയിൽ വാകയാർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ഉൾപ്പെട്ട ചെമ്പനരുവി മുതൽ ആവണിപ്പാറ വരെ നിലവിൽ UG കേബിൾ സ്ഥാപിച്ചിട്ടുണ്ട്. ആവണിപ്പാറ മുതൽ അച്ചൻകോവിൽ വരെയുള്ള 8.5 കി.മി UG കേബിൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുള്ള ദ്യുതി 3.0 ൽ പ്രൊപ്പോസൽ നൽകി, 2027-28 പ്രവർത്തന അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട് . തമിഴ് നാട്ടിൽ നിന്നുള്ള ഇന്റർസ്റ്റേറ്റ് 11 കെ.വി ലൈൻ വഴി വൈദ്യുതി ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡ് പദ്ധതികൾ സമർപ്പിച്ചിട്ടില്ല .

**(ബി)** പുനലൂർ പേപ്പർ മിൽ സബ് സ്റ്റേഷൻ കെ.എസ്.ഇ.ബി ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുള്ള നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ?

**മറുപടി:** പുനലൂർ പേപ്പർമിൽ സബ്സ്റ്റേഷൻ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക പഠനം നടത്തിയതിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുന്നത് ഗുണകരമാകുമെന്ന് തെളിഞ്ഞിട്ടുണ്ട്.

പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പുനലൂർ പേപ്പർ മിൽ അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ 25 വർഷത്തേക്ക് പ്രതിമാസം 7 ലക്ഷം രൂപ പാട്ട തുകയും അതിന് പ്രതിവർഷം 5 ശതമാനം നിരക്കിൽ വർധനവും ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ലഭിച്ചിട്ടുണ്ട്.

ഇതനുസരിച്ച്, വാർഷിക വർധനവ് കണക്കിലെടുക്കാതെ തന്നെ പാട്ട തുകയിനത്തിൽ ഏകദേശം 21 കോടി രൂപ ചെലവ് വരുന്നതാണ്. ഇതിനുപുറമെ, നിലവിലുള്ള ഉപകരണങ്ങളുടെ പുനരുദ്ധാരണത്തിനായി ഏകദേശം 9 കോടി രൂപയും ചെലവഴിക്കേണ്ടതുണ്ട്. ഇതോടെ പ്രസ്തുത ഏറ്റെടുക്കൽ പദ്ധതിക്ക് ആകെ 30 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്രയും വലിയ തുക ചെലവഴിക്കുന്നത് സാമ്പത്തികമായി അനുഗുണമല്ല.

പദ്ധതി പരിഗണിച്ചിരുന്ന പ്രാരംഭ ഘട്ടത്തിൽ കണക്കാക്കിയിരുന്ന തുകയെ അപേക്ഷിച്ച് നിലവിലെ എസ്റ്റിമേറ്റ് തുക ഗണ്യമായി കൂടുതലാണ്. അതിനാൽ പുനലൂർ പേപ്പർ മിൽ അധികൃതർ ആവശ്യപ്പെട്ടിരിക്കുന്ന പാട്ട തുക കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കെഎസ്ഇബി ലിമിറ്റഡും പുനലൂർ പേപ്പർ മിൽ അധികൃതരും തമ്മിൽ തുടർ ചർച്ചകൾ നടത്തിവരികയാണ്.

**സെക്ഷൻ ഓഫീസർ**